# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് ഇരുപത്തൊന്ന്

## ദൈവം തന്റെ ജനത്തെ സംരക്ഷിക്കുന്നത്

Sat വെളിപ്പാട് പുസ്തകത്തിൽ നിരവധി ഉൾച്ചേർത്തലുകൾ ഉണ്ട്; ഏഴാം അധ്യായം അവയിൽ ഒന്നാമത്തേതാണ്. ഈ അധ്യായം ആറാം അധ്യായത്തിന്റെ തുടർച്ചയല്ല. ഇത് ആറും ഏഴും മുദ്രകളുടെ ഇടയിലുള്ള ഒരു ഉൾച്ചേർത്തലാണ്; ഭൂമിയുടെമേൽ ദൈവത്തിന്റെ ന്യായവിധി നടപ്പാക്കാൻ തുടങ്ങുമ്പോൾ തന്റെ ജനത്തിനുവേണ്ടി ദൈവം എങ്ങനെ കരുതുന്നു എന്നു അവിടെ കാണിക്കുന്നു. എട്ടാം അധ്യായം ആറാം അധ്യായത്തിന്റെ തുടർച്ചയാണ്. ആറാം അധ്യായത്തിന്റെ അവസാനം നമുക്ക് ആറാം മുദ്രയും, എട്ടാം അധ്യായത്തിന്റെ ആരംഭത്തിൽ നമുക്ക് ഏഴാം മുദ്രയും ഉണ്ട്. ഏഴാം മുദ്രയുടെ തുറക്കൽ ഏഴു കാഹളങ്ങളെ കൊണ്ടുവരും; അതിലെ അവസാനത്തെ മൂന്നെണ്ണം മഹോപദ്രവത്തെ സംരചിക്കുന്നു (8:1-2). എന്നാൽ ഇതു സംഭവിക്കുന്നതിനുമുമ്പ് താൻ സംരക്ഷിക്കുവാൻ ആഗ്രഹിക്കുന്ന യിസ്രായേല്യരെ ദൈവം മുദ്രയിടും (7:3).

ദൈവം തന്റെ രണ്ടു ജനങ്ങളെ—യിസ്രായേല്യരെയും വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരെയും—സംരക്ഷിക്കും. എന്തുകൊണ്ടാണ് ദൈവം തന്റെ ജനത്തെ സംരക്ഷിക്കുന്നതിനെ സംബന്ധിച്ചുള്ള ഈ ഉൾച്ചേർത്തൽ ഇവിടെ വരുന്നത്? കാരണം ആറാം മുദ്രയിൽ വരാൻപോകുന്ന ഉപദ്രവത്തിന്റെ മുന്നറിയിപ്പ് നാം കാണുന്നു. നാം കണ്ടതുപോലെ, അഞ്ചാം മുദ്ര പ്രതികാരത്തിനു വേണ്ടിയുള്ള രക്തസാക്ഷികളായ വിശുദ്ധന്മാരുടെ നിലവിളിയും, ആറാം മുദ്ര ഈ നിലവിളിയോടുള്ള ദൈവത്തിന്റെ ഉത്തരവും ആണ്; അത് ഉപദ്രവം വേഗം വരുമെന്ന് ഭൂമിയിൽ വസിക്കുന്നവർക്കുള്ള ഒരു മുന്നറിയിപ്പും കൂടിയാണ്. ക്രിസ്തുവിന്റെ ആരോഹണം മുതൽ ഒട്ടനവധി ഭൂകമ്പങ്ങളും മറ്റ് ദുരന്തങ്ങളും ഉണ്ടായിട്ടുണ്ട്. അവയെല്ലാം പ്രകൃതി ദുരന്തങ്ങളായിരുന്നു. എന്നാൽ, ആറാം മുദ്ര തുറക്കുന്നതിന്റെ ആരംഭത്തോടുകൂടി ദുരന്തങ്ങൾ പ്രകൃത്യാ ഉള്ളതല്ല, പിന്നെയൊ പ്രകൃത്യാതീതമായിരിക്കും. പ്രകൃത്യാ ഉള്ളതും പ്രകൃത്യാതീതവുമായ ദുരന്തങ്ങൾ ഭൂമിയുടെമേലുള്ള ദൈവത്തിന്റെ

ശിക്ഷയാണ്. മത്സരിയായ ഈ ഭൂമി ദൈവത്തിന്റെ ശിക്ഷ അർഹിക്കുന്നു, ദൈവത്തിന്റെ ശിക്ഷിക്കുന്ന കരം അതിൽനിന്നും ഒരിക്കലും നീങ്ങിപ്പോയിട്ടില്ല. ഒരു അളവോളം ദൈവം തന്റെ ഉദ്ദേശ്യത്തിനുവേണ്ടി ഭൂമിയെ ശിക്ഷിക്കുന്നു. ക്രിസ്തുവിന്റെ ആരോഹണം മുതൽ ദൈവം ഭൂമിയെ ശിക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

തീത്തൊസിനാലും അവന്റെ സൈന്യത്താലുമുള്ള യെരൂശലേം നഗരത്തിന്റെ നശീകരണത്തിൽ ദൈവത്തിന്റെ ശിക്ഷയുടെ ഒരു വശം കാണപ്പെടുന്നു. ആ നാശം മത്തായി 24:2-ൽ കർത്താവായ യേശു പ്രവചിച്ചിരുന്നു; അവിടെ ആലയത്തെക്കുറിച്ച് സംസാരിക്കുമ്പോൾ കർത്താവായ യേശു ശിഷ്യന്മാരോടു പറഞ്ഞു, "ഇവയൊക്കെയും നിങ്ങൾ കാണുന്നില്ലയോ? താഴെ എറിയപ്പെടാത്തതായി കല്ലിന്മേൽ കല്ല് ഒരുവിധത്തിലും ഇവിടെ ശേഷിക്കുകയില്ല എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു." രണ്ടു കാരണങ്ങളാൽ യെരൂശലേം തീത്തൊസിനാൽ നശിപ്പിക്കപ്പെട്ടു: യെഹൂദമതം ദൈവത്തിന്റെ വ്യവസ്ഥയ്ക്കെതിരായി മത്സരിച്ചതുകൊണ്ടും, ഈ മതത്തിന് യെരൂശലേമിലുള്ള സഭയുടെമേൽ പ്രതിലോമപരമായ സ്വാധീനം ഉണ്ടായിരുന്നതുകൊണ്ടും. പഴയ യെഹൂദമതം സഭയെ എത്രമാത്രം സ്വാധീനിച്ചുവെന്ന് പ്രവൃത്തികൾ 21-ൽ നാം കാണുന്നു. A.D.70-ന്റെ സമയത്ത് യെഹൂദമതത്തിന്റെ മത്സരത്തെയും സഭയുടെമേലുള്ള അതിന്റെ സ്വാധീനത്തെയും കർത്താവിന് ഇനിയും സഹിക്കുവാൻ കഴിഞ്ഞില്ല; അതിനാൽ യെരൂശലേമിനെയും ആലയത്തെയും നശിപ്പിക്കുവാൻ അവൻ റോമാ സൈന്യത്തെ അയച്ചു. ആ നാശം ക്ഷാമവും പകർച്ചവ്യാധിയും മരണവുമുള്ള അതിദാരുണമായ ഒരു ശിക്ഷയായിരുന്നു. അതിനുശേഷം, നൂറ്റാണ്ടുകളിലുടനീളം, പ്രകൃതി ദുരന്തങ്ങൾ ഉണ്ടായിരിക്കുകയും, ആറാം മുദ്രവരെ ഭൂമിയെ ശിക്ഷിക്കുവാൻ അതിനെ ദൈവം ഉപയോഗിക്കുകയും ചെയ്യും.

ആറാം മുദ്രയുടെ സമയത്ത് ദുരന്തങ്ങൾ പ്രകൃതി ദുരന്തങ്ങളിൽനിന്നും പ്രകൃത്യാതീത ദുരന്തങ്ങളിലേക്ക് മാറ്റപ്പെടും. ഭൂമി കുലുങ്ങുകയും, സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങൾക്കും നാശം ഉണ്ടാകുകയും ചെയ്യും. ഈ അത്യാഹിതങ്ങൾ ഏഴാം മുദ്രയ്ക്ക് ഒരു ആമുഖമായിരിക്കും. ഏഴാം മുദ്ര നടപ്പിലാക്കുമ്പോൾ സാഹചര്യം അതിദാരുണീയമായിരിക്കും, അത് ആർക്കും സഹിക്കുവാൻ കഴിയുകയില്ല. ഏഴാം മുദ്ര തുറന്നതിനുശേഷം അധികം വൈകാതെ ഒന്നാമത്തെ കാഹളം ഊതുകയും, "ഭൂമിയുടെ മൂന്നാം ഭാഗം" വെന്തുപോകുകയും ചെയ്യും (8:7). രണ്ടാമത്തെ കാഹളം ഊതുന്ന സമയത്ത് "സമുദ്രത്തിന്റെ മൂന്നാം ഭാഗം" രക്തമായിത്തീരും (8:8). മൂന്നാമത്തെ കാഹളം ഊതുന്ന സമയത്ത് വലിയൊരു നക്ഷത്രം "നദികളുടെ മൂന്നാം ഭാഗത്തിന്മേലും നീരുറവുകളിന്മേലും" വീഴുകയും, "വെള്ളത്തിന്റെ മൂന്നാം ഭാഗം"

കാഞ്ഞിരമായിത്തീരുകയും ചെയ്യും (8:10-11). നാലാമത്തെ കാഹളം ഊതുമ്പോൾ "സൂര്യന്റെ മൂന്നാം ഭാഗവും ചന്ദ്രന്റെ മൂന്നാം ഭാഗവും നക്ഷത്രങ്ങളുടെ മൂന്നാം ഭാഗവും" അടിക്കപ്പെടും, "അവയുടെ മൂന്നാം ഭാഗം" ഇരുണ്ടുപോകേണ്ടതിനു തന്നെ (8:12). മനുഷ്യനു ജീവിക്കുവാനായി ദൈവം ഭൂമിയെ ഉണ്ടാക്കി. സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളുമെല്ലാം ഭൂമിയിൽ ജീവൻ നിലനിർത്തുവാൻ സഹായിക്കുന്നു. എന്നാൽ ഭൂമിയിൽ വസിക്കുന്നവർ നൂറ്റാണ്ടുകളായി അവനോട് വളരെയധികം ധിക്കാരികളായിരിക്കുന്നതുകൊണ്ട്, ദൈവത്തിന് ഇനിയും സഹിക്കുവാൻ കഴിയാത്ത സമയം വരും. അവൻ ഭൂമിയെയും, സമുദ്രത്തെയും, നദികളെയും, സൂര്യനെയും, ചന്ദ്രനെയും, നക്ഷത്രങ്ങളെയും ന്യായംവിധിക്കുവാൻ വരും. ഭൂമി മനുഷ്യന്റെ നിലനില്പിനുവേണ്ടിയുള്ളതും, ഭൂമിയിലെ ഓരോ തരത്തിലുമുള്ള ജീവൻ മനുഷ്യന്റെ പ്രയോജനത്തിനുവേണ്ടിയും ആണ്. മൃഗങ്ങളും, പച്ചക്കറികളും, ധാതുക്കളുമെല്ലാം മനുഷ്യന്റെ നിലനില്പിനുവേണ്ടിയാണ്. ഇതൊന്നും യാദൃച്ഛികമായി വന്നതല്ല, അവയെല്ലാം ദൈവത്താൽ ആസൂത്രണംചെയ്യപ്പെട്ടതും സൃഷ്ടിക്കപ്പെട്ടതും ആണ്. ഉദാഹരണത്തിന്, ചന്ദ്രനിൽ വായു ഇല്ല, എന്നാൽ ഭൂമിയിൽ വായു ഉണ്ട്. ഭൂഗോളത്തിനു ചുറ്റും വായുവിന്റെ ഒരു പാളി ഉണ്ട്, അതിനെ വേദപുസ്തകം വിതാനം എന്നു വിളിക്കുന്നു (ഉല്പ. 1:7). ഭൂമി ഒരു വിതാനത്തോടുകൂടിയ ഗ്രഹമാണ്. മനുഷ്യജീവൻ നിലനിർത്തുന്നതിനുവേണ്ടിയുള്ള വസ്തുക്കൾ ഉല്പാദിപ്പിക്കുവാൻ ഇങ്ങനെയുള്ള ഒരു രീതിയിൽ ദൈവം അതിനെ സൃഷ്ടിച്ചിരിക്കുന്നു. വായുവും, സൂര്യപ്രകാശവും, വെള്ളവുമെല്ലാം മനുഷ്യന്റെ നിലനില്പിന് അനിവാര്യമാണ്. എന്നാൽ ദൈവം ഭൂമിയെയും ആകാശത്തെയും ന്യായംവിധിച്ചതിനുശേഷം, ഭൂമി മനുഷ്യന് ജീവിക്കുവാൻ അനുയോജ്യമായ ഒരു സ്ഥലമായിരിക്കുകയില്ല.

രണ്ടുതരം യുദ്ധങ്ങൾ വരുമെന്ന് മത്തായി 24:6-7-ൽ കർത്താവു പ്രവചിച്ചു—ജാതി ജാതിക്കെതിരെയുള്ള യുദ്ധങ്ങളും, രാജ്യം രാജ്യത്തിനെതിരെയുള്ള യുദ്ധങ്ങളും, അതായത്, ആഭ്യന്തര യുദ്ധങ്ങളും അന്താരാഷ്ട്ര യുദ്ധങ്ങളും. ക്രിസ്തുവിന്റെ ആരോഹണത്തിനുശേഷം ഈ യുദ്ധങ്ങൾ സംഭവിക്കുവാൻ തുടങ്ങി. "വിവിധ സ്ഥലങ്ങളിൽ ഭൂകമ്പങ്ങൾ" (വാ. 7) ഉണ്ടാകുമെന്നും കർത്താവ് മത്തായി 24-ൽ പ്രവചിച്ചു. റിക്ടർ സ്കെയിലിൽ രണ്ടിനും എട്ടിനും ഇടയിലുള്ള ഏകദേശം അയ്യായിരം മുതൽ ആറായിരം വരെ ഭൂകമ്പങ്ങൾ ഓരോ വർഷവും ഉണ്ടായിരിക്കുമെന്ന് ഈയിടെ ഒരു ലേഖനത്തിൽ പറഞ്ഞിരുന്നു. ഇത് കർത്താവിന്റെ പ്രവചനത്തിന്റെ നിറവേറലാണ്. "ദൈവോദ്ദേശ്യത്തെ ശ്രദ്ധിക്കാതെ, ആത്മസംതൃപ്തിയോടെ ഈ ഭൂമിയിൽ ജീവിക്കരുത്. ദൈവത്തിന് ഈ ഭൂമിയിൽ ഒരു ഉദ്ദേശ്യമുണ്ടെന്നും അവന്റെ ഉദ്ദേശ്യത്തിന്റെ

നിറവേറലിനുവേണ്ടി നിങ്ങൾ അവനിലേക്കു തിരിയണമെന്നും നിങ്ങൾ മനസ്സിലാക്കണം" എന്ന് തന്റെ പ്രവചനത്തിൽ കർത്താവു പറയുന്നതായി തോന്നുന്നു. രക്തസാക്ഷികളുടെ ദേഹികൾക്ക് സാഹചര്യത്തെ ഇനിയും സഹിക്കുവാൻ കഴിയാതാകുമ്പോഴുള്ള അഞ്ചാം മുദ്രയുടെ സമയംവരെ യുദ്ധങ്ങളും ഭൂകമ്പങ്ങളുംകൊണ്ട് ദൈവം ജനത്തിന് വീണ്ടും വീണ്ടും മുന്നറിപ്പു നല്കും. "വിശുദ്ധനും സത്യവാനുമായ യജമാനനേ, ഭൂമിയിൽ വസിക്കുന്നവരിൽനിന്ന് ഞങ്ങളുടെ രക്തത്തെ നീ എത്രകാലം ന്യായംവിധിക്കാതെയും പക പോക്കാതെയും ഇരിക്കും?" എന്നു പറഞ്ഞുകൊണ്ട് രക്തസാക്ഷികളായ വിശുദ്ധന്മാർ അപ്പോൾ നിലവിളിക്കും (6:10). വരാൻപോകുന്ന ഉപദ്രവത്തോടുള്ള ഒരു അവതാരികയായും ഉപദ്രവത്തിന്റെ മുന്നറിയിപ്പായും ഭൂമിയെ കുലുക്കുകയും ആകാശത്തിലെ നക്ഷത്രങ്ങളെ അടിക്കുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ ഉത്തരം ആറാം മുദ്രയിൽ കടന്നുവരുന്നു. ആറാം മുദ്രയും ആദ്യത്തെ അഞ്ചു കാഹളങ്ങളും സമയത്തിൽ പരസ്പരം വളരെയടുത്തു ബന്ധപ്പെട്ടിരിക്കുന്നു.

ഈ ഘട്ടത്തിൽ നാം യോവേൽ രണ്ടാം അധ്യായത്തെ ചിന്തിക്കേണ്ടത് ആവശ്യമാണ്. കർത്താവിന്റെ ദിവസത്തിനു മുമ്പ് ചില കാര്യങ്ങൾ സംഭവിക്കുമെന്ന് യോവേൽ 2 പറയുന്നു. നിങ്ങൾ പുതിയനിയമ പ്രവചനം പഴയനിയമ പ്രവചനങ്ങളോട് ചേർത്തു വായിക്കുമെങ്കിൽ കർത്താവിന്റെ ദിവസം എന്നു പറയുന്ന ഒരു സമയം ഉണ്ടെന്ന് നിങ്ങൾ കാണും. ഇതാണ് മഹോപദ്രവം. കർത്താവിന്റെ ദിവസമെന്നാൽ കർത്താവിന്റെ കോപദിവസം, പ്രകൃത്യാതീത ദുരന്തങ്ങൾ മുഖാന്തരം ലോകത്തോട് ഇടപെടുവാൻ അവൻ കടന്നുവരുന്ന ദിവസം, എന്നാണർഥം. കർത്താവിന്റെ ദിവസം ഭീതിജനകമായിരിക്കും. പഴയനിയമത്തിലെ നിരവധി പ്രവാചകന്മാർ കർത്താവിന്റെ ദിവസത്തെക്കുറിച്ചു പറയുകയും, അതു ഭയാനകമായ ഒരു ദിവസമായിരിക്കുമെന്ന് അവരെല്ലാം ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു (യോവേ. 1:15; 2:1, 11, 31; 3:14; സെഖ. 14:1; മലാ. 4:5). ആറാം മുദ്ര കർത്താവിന്റെ ദിവസത്തിനു മുമ്പ്, അതായത്, അത് മഹോപദ്രവത്തിനു മുമ്പായിരിക്കും. അഞ്ചാമത്തെ കാഹളം ഊതുമ്പോൾ മഹോപദ്രവം ആരംഭിക്കും. ആദ്യത്തെ നാലു കാഹളങ്ങൾ മഹോപദ്രവത്തിനുള്ള ആമുഖമാണ്. ഇത് ഒരു വാഹനം സ്റ്റാർട്ടു ചെയ്യുന്നതിന് സമാനമാണ്. ആദ്യം ഇഗ്നേഷൻ ഓണാക്കുന്നു, മോട്ടോർ സ്റ്റാർട്ടാകുന്നു, കാർ ഓടുന്നു. ഇതേ രീതിയിൽ ആറാം മുദ്രയുടെ മുന്നറിയിപ്പിനുശേഷം ആദ്യത്തെ നാലു കാഹളങ്ങൾ മഹോപദ്രവത്തിനുള്ള ആമുഖമായിരിക്കും. എന്നാൽ, ചൂടുപിടിപ്പിക്കുന്നുവെങ്കിലും നീങ്ങിത്തുടങ്ങാത്ത ഒരു വാഹനമെന്നപോലെ, നാലു കാഹളങ്ങൾ മഹോപദ്രവത്തിനു വേണ്ടിയുള്ള ഒരുക്കമാണ്. എന്നാൽ ഈ കാഹളങ്ങൾപോലും

തീവ്രമായ കഷ്ടത്തിന് ഇടയാക്കും. ഭൂമിക്കും, വെള്ളത്തിനും, ആകാശത്തിലെ നക്ഷത്രങ്ങൾക്കുമുള്ള നാശം ആറാം മുദ്രയുടെ ഭൂകമ്പം വരുത്തിവച്ചതിനെക്കാൾ വലുതായിരിക്കും. ആറാം മുദ്രയുടെ സമയം മുതൽ ഭൂമിയിൽ മനുഷ്യനു ഗുണമുള്ള യാതൊന്നും ഉണ്ടായിരിക്കുകയില്ല.

ആൺകുട്ടിയും ആദ്യഫലവുംപോലെയുള്ള മുമ്പേയുള്ള ജയാളികൾ ആറാം മുദ്രയ്ക്കു തൊട്ടുമുമ്പ് ഭൂമിയിൽനിന്ന് എടുക്കപ്പെടുമെന്ന് പുതിയനിയമം ചൂണ്ടിക്കാണിക്കുന്നു. എങ്കിലും, കൃത്യമായ സമയം നമുക്ക് കണക്കുകൂട്ടുവാൻ കഴിയില്ല. എന്നാൽ വെളിപ്പാട് പുസ്തകവും മത്തായിയുടെ സുവിശേഷവും വചനത്തിലെ മറ്റു ഭാഗങ്ങളും അനുസരിച്ച്, ഉൾപ്രാപണത്തിന്റെ ഒന്നാമത്തെ തരമായ ആൺകുട്ടിയുടെയും ആദ്യഫലത്തിന്റെയും ഉൾപ്രാപണം, ആറാം മുദ്രയ്ക്കുമുമ്പ് സംഭവിക്കും. ആൾപ്പാർപ്പുള്ള സർവഭൂമിയിന്മേലും വരാനിരിക്കുന്ന പരീക്ഷയുടെ നാഴികയിൽനിന്ന് അവരെ കാക്കുമെന്ന് ഫിലദെൽഫ്യയിലുള്ള സഭയ്ക്കു കർത്താവ് വാഗ്ദത്തം നല്കിയത് ഓർക്കുക (3:10). കർത്താവിന്റെ പ്രിയമാരും അന്വേഷകരും ആറാം മുദ്രയ്ക്കുമുമ്പ് എടുക്കപ്പെടും. ആറാം മുദ്ര തുറന്ന ഉടൻതന്നെ, മഹോപദ്രവത്തിനുമുമ്പ് തന്റെ ജനത്തെ സംരക്ഷിക്കുന്നതിന് ദൈവം രണ്ടു കാര്യങ്ങൾ ചെയ്യുമെന്ന് വെളിപ്പെടുത്തുന്ന ഉൾച്ചേർത്തതായ ഏഴാമത്തെ അധ്യായം നമുക്കുണ്ട്: അവൻ യിസ്രായേലിലെ തിരഞ്ഞെടുക്കപ്പെട്ട ശേഷിപ്പിനെ മുദ്രയിടുകയും സഭയിലെ വീണ്ടെടുക്കപ്പെട്ടവരെ ഉൾപ്രാപണം ചെയ്യുവാൻ ആരംഭിക്കുകയും ചെയ്യും.

## I. യിസ്രായേലിലെ തിരഞ്ഞെടുക്കപ്പെട്ട ശേഷിപ്പിന്റെ മുദ്രയിടൽ

വെളിപ്പാട് 7:1 പറയുന്നു, "അതിനുശേഷം ഭൂമിയിന്മേലും സമുദ്രത്തിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റു വീശാതിരിക്കേണ്ടതിന്, ഭൂമിയുടെ നാലു കാറ്റും പിടിച്ചുകൊണ്ട്, ഭൂമിയിലെ നാലു കോണുകളിൽ നിൽക്കുന്ന നാലു ദൂതന്മാരെ ഞാൻ കണ്ടു." ഭൂമിയിന്മേലുള്ള അവന്റെ ന്യായവിധി നടപ്പാക്കാറാകുമ്പോൾ തന്റെ ജനത്തെ ദൈവം എങ്ങനെ കരുതുന്നു എന്നു കാണിച്ചുകൊണ്ടുള്ള ആറും ഏഴും മുദ്രകൾക്കിടയിലുള്ള ഉൾച്ചേർത്തലാണിത്. ഇവിടെ കാറ്റുകൾ ദൈവത്തിന്റെ ന്യായവിധിക്കുവേണ്ടിയാണ് (യോനാ 1:4; യെശ. 11:15; യിരെ. 22:22; 49:36; 51:1). അടുത്ത വാക്യം പറയുന്നു, "ജീവനുള്ള ദൈവത്തിന്റെ മുദ്രയുള്ള മറ്റൊരു ദൂതൻ സൂര്യോദയത്തിൽനിന്നു മേലോട്ട് കയറുന്നത് ഞാൻ കണ്ടു: ഭൂമിക്കും സമുദ്രത്തിനും ഹാനി വരുത്തുവാൻ അധികാരം നൽകിയ നാലു ദൂതന്മാരോട് അവൻ വിളിച്ചു പറഞ്ഞു." ഇവിടെ "മറ്റൊരു ദൂതൻ" 8:3-ലും, 10:1-ലും, 18:1-ലും

എന്നപോലെ ക്രിസ്തുവിനെ പരാമർശിക്കുന്നു. പഴയനിയമത്തിൽ ക്രിസ്തുവിനെ "യഹോവയുടെ ദൂതൻ" എന്നു വിളിച്ചു, അത് ദൈവം തന്നെയായിരുന്നു (ഉല്പ. 22:11-12; പുറ. 3:2-6; ന്യായാ. 6:11-24; സെഖ. 1:11-12; 2:8-11; 3:1-7). ഇവിടെ പുതിയനിയമത്തിൽ അവനെ വീണ്ടും ദൂതൻ എന്നു വിളിക്കുന്നു.

ഞാൻ യിസ്രായേലിനെ സ്നേഹിക്കുന്നുവെങ്കിലും, അവരെയോർത്ത് വളരെ ദുഃഖിക്കുന്നു: കാരണം, പ്രവചനവും അവരുടെ ഇപ്പോഴത്തെ സാഹചര്യവും അനുസരിച്ച്, അവിശ്വാസത്തിൽ അവർ തങ്ങളുടെ പിതാക്കന്മാരുടെ ദേശത്തേക്ക് മടങ്ങിവന്നു. അവർ ഇപ്പോഴും അവരുടെ പഴയ മതത്തെ മുറുകെപ്പിടിക്കുകയും, ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയനുസരിച്ച് അവനിൽ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നു. അവർ വാസ്തവത്തിൽ അവനെതിരായുള്ള മത്സരത്തിലാണ്. കർത്താവായ യേശു വന്നപ്പോൾ, ന്യായപ്രമാണം പ്രമാണിക്കുന്നതിൽനിന്ന് കർത്താവായ യേശുവിൽ വിശ്വസിക്കുന്നതിലേക്ക് ദൈവം യുഗത്തെ മാറ്റി. എന്നാൽ യെഹൂദന്മാർ ഈ മാറ്റത്തെ അംഗീകരിക്കാതെ, ന്യായപ്രമാണം പ്രമാണിക്കുന്നതിൽനിന്നും കർത്താവായ യേശുവിൽ വിശ്വസിക്കുന്നതിലേക്ക് തിരിയുവാൻ വിസമ്മതിച്ചു. ഇത് അവരുടെ മത്സരവും, ശാഠ്യവും, അനുസരണക്കേടും ആയിരുന്നു. ദൈവം നൂറ്റാണ്ടുകളോളം അവരെ വഹിക്കുകയും, അവന്റെ പരമാധികാരമനുസരിച്ച് അവർ മടങ്ങിവരുകയും, വീണ്ടും ഒരു രാഷ്ട്രമായി പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തുവെങ്കിലും, അവർ ഇപ്പോഴും അവിശ്വാസത്തിലാണ്. അവർ കർത്താവായ യേശുവിൽ വിശ്വസിക്കുന്നില്ല. എനിക്കു ലഭിച്ച ചില വിശ്വസനീയമായ വിവരമനുസരിച്ച്, ഏതു തരത്തിലുള്ള ക്രിസ്തീയ പ്രവർത്തനത്തെയും ഒഴിവാക്കുവാൻ സാധ്യമായതെല്ലാം യിസ്രായേൽ ഭരണകൂടം ചെയ്തുകൊണ്ടിരിക്കുന്നു. യാതൊരു ക്രിസ്തീയ മിഷണറിമാരും തങ്ങളുടെ സുവിശേഷവേല ചെയ്യുവാൻ അവർ ആഗ്രഹിക്കുന്നില്ല. യിസ്രായേലിനെ സംബന്ധിച്ച പ്രവചനങ്ങൾ ചൂണ്ടിക്കാണിക്കുന്നത് അവസാന ദിവസംവരെ അവർ അവിശ്വാസത്തിൽ തുടരും എന്നാണ്. എന്നാൽ ദൈവം പരമാധികാരിയാണ്; അവർക്കുവേണ്ടിയല്ല, തന്റെ വ്യവസ്ഥയ്ക്കുവേണ്ടി അവൻ എപ്പോഴും യിസ്രായേൽ രാഷ്ട്രത്തെ കരുതും. വിശ്വസിക്കാത്ത യെഹൂദന്മാരുടെ ഇടയിൽ വിശ്വസ്തരായ ചിലരുണ്ടെന്ന് അവനറിയാം; പ്രകൃത്യാതീതമായ ദുരന്തങ്ങളാൽ അവൻ വാസ്തവമായി ഭൂമിയെ ന്യായംവിധിക്കുന്നതിനുമുമ്പ്, അവൻ അവരെ മുദ്രയിടും.

## A. ആദ്യത്തെ നാലു കാഹളങ്ങൾക്കുമുമ്പ്

ഒന്നാം കാഹളം ഭൂമിക്കും വൃക്ഷങ്ങൾക്കും ഹാനിവരുത്തുവാനും (8:7), രണ്ടാം കാഹളം സമുദ്രത്തിന് ഹാനിവരുത്തുവാനും (8:8-9),

മൂന്നാം കാഹളം നദികൾക്ക് കേടുവരുത്തുവാനും (8:10-11); നാലാം കാഹളം ആകാശത്തിലെ നക്ഷത്രങ്ങൾക്ക് ഹാനിവരത്തുവാനും ആണ് (8:12). ആദ്യത്തെ നാലു കാഹളങ്ങൾ നടപ്പാക്കുന്നതിനു മുമ്പ് ഈ കാഹളങ്ങളാൽ നിവർത്തിക്കപ്പെടുന്ന പ്രകൃത്യാതീതമായ ദുരന്തങ്ങളിൽനിന്നും സംരക്ഷിക്കുവാൻ തന്റെ തിരഞ്ഞെടുക്കപ്പെട്ട യിസ്രായേല്യരെ ദൈവം മുദ്രയിടും.

### B. ഭൂമിയിൽ വിശേഷാൽ അഞ്ചാം കാഹളത്തിന്റെ ദണ്ഡനത്തിൽനിന്നും സംരക്ഷിക്കുന്നു

ആദ്യത്തെ നാലു കാഹളങ്ങൾ ഭൂമിക്കും, സമുദ്രത്തിനും, നദികൾക്കും ആകാശത്തിലെ നക്ഷത്രങ്ങൾക്കും മാത്രമേ ഹാനിവരുത്തുകയുള്ളൂ. അഞ്ചാം കാഹളമാണ് മനുഷ്യരെ നേരിട്ട് ദണ്ഡിപ്പിക്കുന്നത്. തന്റെ തിരഞ്ഞെടുക്കപ്പെട്ട യിസ്രായേല്യരെ ദൈവം മുദ്രയിടുന്നത് വിശേഷാൽ അഞ്ചാം കാഹളത്തിന്റെ ദണ്ഡനത്തിൽനിന്നും അവരെ സംരക്ഷിക്കുവാനാണ് (9:4).

### C. പന്ത്രണ്ടു ഗോത്രങ്ങളിൽനിന്ന് പന്ത്രണ്ടായിരംപേരെ വീതം മുദ്രയിട്ടു

"യിസ്രായേൽ പുത്രന്മാരുടെ സകല ഗോത്രത്തിലും നിന്ന്" നൂറ്റിനാല്പത്തിനാലായിരംപേരെ, പന്ത്രണ്ടു ഗോത്രങ്ങളിൽ ഓരോ ഗോത്രത്തിൽനിന്നും പന്ത്രണ്ടായിരം പേരെ വീതം, ദൈവം മുദ്രയിടുമെന്ന് 7:4-8-ൽ നാം കാണുന്നു. ഈ യിസ്രായേല്യരാണ് മഹോപദ്രവകാലത്ത് ദൈവത്തിന്റെ കല്പനകൾ പാലിക്കുന്നവർ (12:17; 14:12). മൊത്തത്തിൽ, നൂറ്റിനാല്പത്തിനാലായിരം വിശ്വസ്തരായ യിസ്രായേല്യർ തങ്ങളുടെ നെറ്റിമേൽ മുദ്രയിടപ്പെടും. ഇത് എന്തുതരം മുദ്രയായിരിക്കും എന്ന് എനിക്കറിയില്ല, എന്നാൽ ഇത് ഭൂമിയെ ന്യായംവിധിക്കുവാൻ അയയ്ക്കപ്പെടുന്ന ദൂതന്മാർക്ക് തിരിച്ചറിയുവാൻ കഴിയുന്ന ഒരു അടയാളമായിരിക്കും. ഇതാണ് ഭൂമിയുടെമേൽ തന്റെ ന്യായവിധി നടപ്പാക്കുമ്പോൾ തന്റെ തിരഞ്ഞെടുക്കപ്പെട്ട യിസ്രായേല്യരെ സംരക്ഷിക്കുന്ന ദൈവത്തിന്റെ രീതി.

### D. യോസേഫ് ഇരട്ടി പങ്ക് പ്രാപിക്കുന്നു

വാക്യം 6-ലും 8-ലും യോസേഫ് ഇരട്ടി പങ്ക് പ്രാപിക്കുന്നുവെന്ന് നാം കാണുന്നു (പ്ര.നി. 1 ദിന. 5:1-2; യെഹെ. 48:4-5). യോസേഫിന്റെ രണ്ടു പുത്രന്മാരിൽ ഒരുവനായ മനശ്ശെയും (ഉല്പ. 48:5) യോസേഫും (വാ. 8) രണ്ടു ഗോത്രങ്ങളായി നിലകൊള്ളുന്നതു നിമിത്തം യോസേഫിന് ജ്യേഷ്ഠാവകാശത്തിന്റെ ഇരട്ടി പങ്ക് (1 ദിന. 5:1-2) സഹസ്രാബ്ദത്തിന്റെ കാലത്തും ഉണ്ടായിരിക്കും (യെഹെ. 48:4-5).

യിസ്രായേലിന്റെ ആദ്യജാതൻ രൂബേനാണെങ്കിലും അവന്റെ പാപംനിമിത്തം അവൻ തന്റെ ജേഷ്ഠാവകാശം നഷ്ടപ്പെടുത്തുകയും അവന്റെ സഹോദരന്മാരുടെമേൽ യെഹൂദാ പ്രബലപ്പെടുകയും ചെയ്തു (1 ദിന. 5:1-2). ഇക്കാരണത്താൽ, യെഹൂദാഗോത്രത്തെ ഇവിടെ ഒന്നാമത് പരാമർശിച്ചിരിക്കുന്നു.

## E. ദാൻ ഒഴിവാക്കപ്പെട്ടിരിക്കുന്നു

വെളിപ്പാട് 7-ൽ ദാൻ ഒഴിവാക്കപ്പെട്ടു. ഇവിടത്തെ രേഖയിൽ, 1 ദിനവൃത്താന്തം 2 മുതൽ 9 വരെയുള്ള അധ്യായങ്ങളിൽ എന്നപോലെ, അവരുടെ വിഗ്രഹാരാധന നിമിത്തം ദാൻഗോത്രത്തെ ഒഴിവാക്കിയിരിക്കുന്നു (ന്യായാ. 18:30-31; 1 രാജാ. 12:29-30; 2 രാജാ. 10:29; പ്ര.നി. ഉല്പ. 49:17). എങ്കിലും, അവന്റെമേലുള്ള യാക്കോബിന്റെ അനുഗ്രഹം നിമിത്തം ദാൻ കർത്താവിന്റെ രക്ഷയാൽ ഗോത്രങ്ങളിൽ ഒന്നായിരിക്കുകയും (ഉല്പ. 49:16-18) സഹസ്രാബ്ദത്തിന്റെ സമയത്ത് ദാൻ എണ്ണപ്പെടുകയും ചെയ്യും (യെഹെ. 48:1).

## II. സഭയിലെ വീണ്ടെടുക്കപ്പെട്ടവരുടെ ഉൾപ്രാപണം

യിസ്രായേലിന്റെ തിരഞ്ഞെടുക്കപ്പെട്ട ശേഷിപ്പിനു പുറമെ, ദൈവത്തിന് മറ്റൊരു ജനമുണ്ട്— സഭയിലെ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർ (7:9-17). ഈ ഉൾച്ചേർത്തലിൽ സകല ഉപദ്രവങ്ങളിലുമുടനീളം തന്റെ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരെ ദൈവം എങ്ങനെ സംരക്ഷിക്കുന്നുവെന്നു വെളിപ്പെടുത്തുന്ന ഒരു ദർശനം നാം കാണുന്നു. യിസ്രായേൽമക്കളുടെ തിരഞ്ഞെടുക്കപ്പെട്ട ശേഷിപ്പിനെ ദൈവം സംരക്ഷിക്കുന്ന രീതി അവരെ ഭൂമിയിൽ മുദ്രയിട്ടു വയ്ക്കുന്നതാണ്. യിസ്രായേല്യർ ദൈവത്തിന്റെ ഭൗമിക ജനമായിരിക്കുമ്പോൾ, ക്രിസ്ത്യാനികൾ ദൈവത്തിന്റെ സ്വർഗീയ ജനമാണ്. ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും കടൽത്തീരത്തെ മണൽപോലെയും അബ്രാഹാമിനു ജനത്തെ കൊടുക്കുമെന്ന് ദൈവം വാഗ്ദത്തം ചെയ്തു (ഉല്പ. 22:17). ക്രിസ്ത്യാനികളായ സ്വർഗീയജനം നക്ഷത്രങ്ങളും, യിസ്രായേല്യരായ ഭൗമികജനം കടൽത്തീരത്തെ മണലും ആണ്. തന്റെ ഭൗമികജനത്തെ സംരക്ഷിക്കുന്നതിന് ദൈവം അവരെ മുദ്രയിടുകയും ഭൂമിയിൽ സൂക്ഷിക്കുകയും ചെയ്യുന്നു. അവൻ അവരെ ഭൂമിയിൽനിന്നും സ്വർഗത്തിലേക്ക് എടുക്കുകയില്ല. എന്നാൽ, തന്റെ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരെ സംരക്ഷിക്കുന്ന ദൈവത്തിന്റെ രീതി അവരെ ഭൂമിയിൽ സൂക്ഷിക്കുകയല്ല, പിന്നെയോ ഉൾപ്രാപണം മുഖാന്തരം അവരെ എടുത്തുകൊള്ളുന്നതാണ്. ഉൾപ്രാപണം ഒരിക്കൽമാത്രം സംഭവിക്കുകയോ ഒരു തരം മാത്രമോ ആയിരിക്കുകയില്ല. കുറഞ്ഞത് രണ്ടോ മൂന്നോ

തരത്തിലുള്ള ഉൾപ്രാപണങ്ങൾ ഉണ്ട്. ഒടുവിൽ, സഭയിലുള്ള എല്ലാ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരും ഭൂമിയിൽനിന്നും സ്വർഗത്തിലേക്ക് എടുക്കപ്പെടും. സഭയെ സംബന്ധിച്ച് ഉൾച്ചേർത്ത ഈ ദർശനത്തിൽ ഉൾപ്രാപണത്തിന്റെ സമയംമുതൽ നിത്യതവരെയുള്ള ഒരു ആകമാന വീക്ഷണം നമുക്കു നല്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, വെളിപ്പാട് 7 നിത്യതയോടുകൂടെ അവസാനിക്കുന്നു. നിത്യതയോളം മുഴുവൻ സഭയും ദൈവത്തിന്റെ കരുതലിൻകീഴിലും കുഞ്ഞാടിന്റെ മേയ്പിൻകീഴിലും ആയിരിക്കും.

## A. ആറാം മുദ്രയ്ക്കുമുമ്പ് തുടങ്ങുന്നു

ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരുടെ ഉൾപ്രാപണം 12:5-ലെ ആൺകുട്ടിയും, 14:1-5-ലെ ആദ്യഫലവും അടങ്ങുന്ന ആദ്യ ജയാളികളോടുകൂടെ ആരംഭിക്കും. ആറാം മുദ്ര "ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കുവാനായി, ആൾപ്പാർപ്പുള്ള സർവഭൂമിയിന്മേലും വരുവാനിരിക്കുന്ന പരീക്ഷ" (3:10) എന്ന നിലയിൽ ദൈവത്താൽ നടപ്പാക്കപ്പെടുന്ന പ്രകൃത്യാതീത ദുരന്തങ്ങളുടെ ആരംഭമായിരിക്കുന്നതുകൊണ്ട് ഇത് ആറാം മുദ്രയ്ക്കു മുമ്പായിരിക്കണം. നിത്യതയോളം ദൈവത്തിന്റെ കരുതലിലും കുഞ്ഞാടിന്റെ മേയ്പിലും പങ്കെടുക്കുവാൻ സകല വിശുദ്ധന്മാരും എടുക്കപ്പെടുന്നതുവരെ, തന്റെ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരുടെ ഉൾപ്രാപണം 11:12-ലെ രണ്ടു സാക്ഷികളോടുകൂടെയും, 15:2-ലെ പിന്നീടുള്ള ജയാളികളോടുകൂടെയും, 14:14-16-ലെ കൊയ്ത്തോടുകൂടെയും (മഹോപദ്രവത്തിന്റെ മുഖ്യഭാഗത്തിലൂടെ കടന്നുപോകുന്ന ഭൂരിപക്ഷം വിശ്വാസികൾ) തുടരും.

## B. എണ്ണിക്കൂടാത്ത, മഹാപുരുഷാരം

വാക്യം 9 പറയുന്നു, "ഇവയ്ക്കു ശേഷം, ഇതാ, ആർക്കും എണ്ണുവാൻ കഴിയാത്ത വലിയൊരു പുരുഷാരം നിൽക്കുന്നത് ഞാൻ കണ്ടു." മഹാപുരുഷാരത്തിൽ ജാതികളിൽനിന്നും എല്ലാ തലമുറകളിലുമുള്ള വീണ്ടെടുക്കപ്പെട്ടവർ ഉൾപ്പെടുന്നു, അവർ അസംഖ്യമാകുന്നു, അവർ സഭയെ സംരചിക്കുന്നു (5:9; റോമ. 11:25; പ്രവൃ. 15:14, 19).

## C. രാഷ്ട്രങ്ങളിലും, ഗോത്രങ്ങളിലും, ജനങ്ങളിലും, ഭാഷകളിലും നിന്നുള്ളവർ

സഭയുടെ ഘടകാംശങ്ങളായിരിക്കുവാൻ സകല രാഷ്ട്രങ്ങളിലും ഗോത്രങ്ങളിലും ജനങ്ങളിലും ഭാഷകളിലുംനിന്ന് കുഞ്ഞാടിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവർ ഈ മഹാപുരുഷാരത്തിൽ ഉൾപ്പെടുന്നു (7:9; 5:9).

Mon

## D. തങ്ങളുടെ കൈകളിൽ പനയോലയുമായി മഹോപദ്രവത്തിൽനിന്നു വന്നവർ

വാക്യം 9-ൽ പ്രസ്താവിച്ചിരിക്കുന്ന മഹാപുരുഷാരത്തെക്കുറിച്ചു സംസാരിക്കുമ്പോൾ മൂപ്പന്മാരിൽ ഒരുവൻ പറഞ്ഞു, "ഇവർ മഹോപദ്രവത്തിൽനിന്നു വരുന്നവരാകുന്നു, അവർ തങ്ങളുടെ അങ്കികൾ കഴുകുകയും കുഞ്ഞാടിന്റെ രക്തത്തിൽ അവയെ വെളുപ്പിക്കുകയും ചെയ്തിരിക്കുന്നു" (വാ. 14). ഇവിടത്തെ മഹോപദ്രവം മത്തായി 24:21-ൽ പറഞ്ഞിരിക്കുന്ന മഹോപദ്രവത്തിൽ നിന്നും വ്യത്യസ്തമാണ്. ഇവിടത്തെ മഹോപദ്രവം പൊതുവായ അർഥത്തിലുള്ള കഷ്ടമാണ്. ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട സകല ജനവും ചില കഷ്ടങ്ങളിലൂടെയും, പ്രയാസങ്ങളിലൂടെയും, ഉപദ്രവങ്ങളിലൂടെയും, പീഡകളിലൂടെയും കടന്നുപോയിട്ടുണ്ട്. ഒരു ക്രിസ്ത്യാനിക്കും ഈ കാര്യങ്ങളെ ഒഴിവാക്കാനാവില്ല. ക്രിസ്ത്യാനികളായ നാം, നമ്മുടെ ആത്മാവിൽ, ആസ്വാദനത്തിന്റെ ഒരു ജനമാണ്. എന്നാൽ, ഭൗതികവശത്ത്, നാം കഷ്ടംസഹിക്കുന്ന ഒരു ജനമാണ്. എന്നാൽ ഒരു ദിവസം മഹോപദ്രവത്തിൽ നിന്നും ജയോത്സവമായി നാം വരികയും സിംഹാസനത്തിനു മുമ്പിലും കുഞ്ഞാടിനുമുമ്പിലും നിൽക്കുകയും ചെയ്യും. ഈ അധ്യായത്തിലുള്ള മഹാപുരുഷാരത്തിലെ എല്ലാവർക്കും അവരുടെ കൈകളിൽ പനയോല ഉണ്ട് എന്നത് ഉപദ്രവത്തിന്മേലുള്ള അവരുടെ ജയത്തെ സൂചിപ്പിക്കുന്നു (പ്ര.നി. യോഹ. 12:13), അത് അവർ കർത്താവിനുവേണ്ടി സഹിച്ചതായിരുന്നു (വാ. 14). നനയ്ക്കുന്നതിലൂടെയുള്ള സംതൃപ്തിയുടെ ഒരു അടയാളമാണ് പനകൾ (പുറ. 15:27). പനയോല കൂടാരപ്പെരുന്നാളിനുവേണ്ടി ഉപയോഗിച്ചിരുന്നു: അതിൽ ദൈവജനം അവരുടെ ആസ്വാദനത്തിന്റെ സംതൃപ്തിക്കുവേണ്ടി സന്തോഷിച്ചു (ലേവ്യ. 23:40; നെഹ. 8:15). കൂടാരപ്പെരുന്നാൾ ഒരു മുൻകുറിയായിരുന്നു; അത് നിത്യമായ കൂടാരപ്പെരുന്നാൾ ആസ്വദിക്കുന്നവരായ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ഈ മഹാപുരുഷാരത്താൽ നിറവേറപ്പെടും. ഈ പുരുഷാരം ദൈവത്തിന്റെ ആലയത്തിൽ "പനപോലെ തഴയ്ക്കും" (സങ്കീ. 92:12-13).

## E. സിംഹാസനത്തിനു മുമ്പാകെയും കുഞ്ഞാടിനു മുമ്പാകെയും നിൽക്കുന്നു

"സിംഹാസനത്തിന് മുമ്പാകെ നിൽക്കുന്നു" എന്നതു മഹാപുരുഷാരം ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടിരിക്കണമെന്ന് ചൂണ്ടിക്കാണിക്കുന്നു. "കുഞ്ഞാടിനു മുമ്പാകെ നിൽക്കുന്നു" എന്നത് "മനുഷ്യപുത്രന്റെ മുമ്പാകെ നിൽക്കുവാൻ" (ലൂക്കൊ. 21:36) എന്നതിനോടു യോജിക്കുന്നു; അത് ഉൾപ്രാപണത്തെ

വ്യക്തമായി സൂചിപ്പിക്കുന്നു. ഇത് ആറാം മുദ്ര തുറന്നതിനുശേഷം ഉടനെ പരാമർശിച്ചിരിക്കുന്നതിനാൽ, വിശ്വാസികളുടെ ഉൾപ്രാപണം ആറാം മുദ്രയ്ക്കുമുമ്പ് സംഭവിക്കുവാൻ തുടങ്ങണമെന്ന് ഇത് പരോക്ഷമായി സൂചിപ്പിക്കുന്നു. 9 മുതൽ 17 വരെയുള്ള വാക്യങ്ങളിലെ വിവരണം വിശ്വാസികളുടെ ഉൾപ്രാപണംമുതൽ നിത്യതയിലുള്ള അവരുടെ ആസ്വാദനംവരെയുള്ള ദൃശ്യത്തെ പൊതുവായ രീതിയിൽ രചിക്കുന്നു.

## F. രക്തത്തിൽ കഴുകപ്പെട്ട വെള്ളയങ്കികൾ ധരിച്ചിരിക്കുന്നു

വാക്യം 9-ൽ ഈ മഹാപുരുഷാരം "വെള്ളയങ്കി ധരിച്ചിരിക്കുന്നു" എന്നു നാം കാണുന്നു, കാരണം അവർ "കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കികൾ കഴുകി വെളുപ്പിച്ചിരിക്കുന്നു" (വാ. 14). ബഹുവചനമായ *അങ്കികൾ* അവരുടെ നടപ്പിലെ നീതിയെ സൂചിപ്പിക്കുന്നു. *വെള്ള* ചൂണ്ടിക്കാണിക്കുന്നത് അവരുടെ നടപ്പ് കുഞ്ഞാടിന്റെ രക്തത്തിന്റെ കഴുകലിലൂടെ നിർമലവും ദൈവത്താൽ അംഗീകരിക്കപ്പെട്ടതും ആകുന്നു എന്നാണ്.

## G. ദൈവത്തെയും കുഞ്ഞാടിനെയും സ്തുതിക്കുന്നു

വാക്യം 10 പറയുന്നു, "അവർ, സിംഹാസനത്തിന്മേൽ ഇരിക്കുന്ന നമ്മുടെ ദൈവത്തിനും കുഞ്ഞാടിനും രക്ഷ, എന്ന് ഉച്ചത്തിൽ വിളിച്ചുപറയുന്നു." രക്ഷയെ മാത്രം പരാമർശിക്കുന്ന അത്യുച്ചത്തിലുള്ള സ്തുതി, സ്തുതിക്കുന്നവർ രക്ഷിക്കപ്പെട്ടവരാണെന്ന് സൂചിപ്പിക്കുന്നു. രക്ഷിക്കപ്പെട്ടവരായ മഹാപുരുഷാരം ദൈവത്തിന്റെ രക്ഷയ്ക്ക് നന്ദിയുള്ളവരാണ്.

## H. ദൈവത്തിന്റെ ആലയത്തിൽ അവനെ രാപ്പകൽ സേവിക്കുന്നു

വാക്യം 15 പറയുന്നു, "ഇതു നിമിത്തം അവർ ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പാകെ ആയിരുന്ന്, അവന്റെ ആലയത്തിൽ പകലും രാവും അവനെ സേവിക്കുന്നു." ഈ മഹാപുരുഷാരം മഹോപദ്രവത്തിൽനിന്നും ഒരു സ്വർഗീയ സ്ഥിതിയിലേക്ക്, അവർ അവനെ രാപ്പകൽ സേവിക്കുന്ന ദൈവാലയത്തിലേക്ക് വന്നിരിക്കുന്നു.

## I. ദൈവം തന്റെ കൂടാരം അവരുടെമേൽ വിരിക്കുന്നു

"സിംഹാസനത്തിൽ ഇരിക്കുന്നവൻ അവരുടെമേൽ കൂടാരമടിക്കും" എന്നും വാക്യം 15 പറയുന്നു. മഹാപുരുഷാരം ദൈവത്തെയും അവന്റെ കരുതലിനെയും ആസ്വദിക്കും. അവൻ അവരുടെമേൽ തന്റെ കൂടാരം വിരിക്കും എന്നതിന്റെ അർഥം

ദൈവം തന്റെ വാസസ്ഥലത്തെ അവരുടെ വാസസ്ഥലമാക്കും എന്നാണ്. ദൈവം തന്റെ വീണ്ടെടുക്കപ്പെട്ട എല്ലാവരെയും അവനോടുകൂടെ ഒരുമിച്ചു വസിക്കുവാൻ ഇടയാക്കും. വളരെ അനുലോമപരമായ അർഥത്തിൽ, ദൈവം നമ്മുടെ കൂടാരമായ വാസസ്ഥലംപോലും ആയിരിക്കും. ഒരു കൂടാരമായി അവനെത്തന്നെ അവൻ നമ്മുടെമേൽ വിരിക്കുമ്പോൾ നാം അവനെ അങ്ങേയറ്റം ആസ്വദിക്കും. ക്രിസ്തു ദൈവത്തിന്റെ കൂടാരമാണ് (യോഹ. 1:14); ക്രിസ്തുവിന്റെ ആത്യന്തിക വികാസമെന്ന നിലയിൽ പുതിയ യെരൂശലേം ദൈവത്തിന്റെ നിത്യകൂടാരമായിരിക്കുകയും (21:2-3) അവിടെ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരെല്ലാം എന്നേക്കും അവനോടുകൂടെ വസിക്കുകയും ചെയ്യും. ക്രിസ്തുവിൽ ദേഹരൂപമെടുത്തവനെന്ന നിലയിൽ അവനെക്കൊണ്ടുതന്നെ ദൈവം അവരെ നിഴലിടും. ദൈവത്തിന്റെ ദേഹരൂപം എന്ന നിലയിൽ ക്രിസ്തു അവരുടെ കൂടാരമായിരിക്കും. 21:3-4-ലും 22:3-5-ലും ചിത്രീകരിച്ചിരിക്കുന്നതിന് സമാനമായി 15 മുതൽ 17 വരെയുള്ള വാക്യങ്ങളിലെ ചിത്രം നിത്യതയുടേതാണ്.

## J. കുഞ്ഞാട് അവരെ മേയ്ക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്ക് നടത്തുകയും ചെയ്യുന്നു

വാക്യം 16-ഉം 17-ഉം പറയുന്നു, "അവർക്ക് ഇനിമേൽ വിശക്കുകയില്ല, ഇനിമേൽ ദാഹിക്കുകയുമില്ല, സൂര്യനും യാതൊരു ചൂടും അവരുടെമേൽ തട്ടുകയില്ല; എന്തെന്നാൽ സിംഹാസനത്തിനു മധ്യേയുള്ള കുഞ്ഞാട് അവരെ മേയ്ക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്ക് വഴിനടത്തുകയും ചെയ്യും." കുഞ്ഞാട് അവരെ മേയ്ക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്ക് നടത്തുകയും ചെയ്യും എന്ന് നാം ഇവിടെ കാണുന്നു. മേയ്ക്കിൽ പോഷിപ്പിക്കലും ഉൾപ്പെടുന്നു. ക്രിസ്തുവിന്റെ മേയ്പിൻകീഴിൽ "എനിക്ക് മുട്ടുണ്ടാകയില്ല" (സങ്കീ. 23:1). കുഞ്ഞാട് നമ്മെ ജീവജലത്തിന്റെ ഉറവകളിലേക്കും നടത്തും. നിത്യതയിൽ, നാം അനേകം ഉറവകളിൽനിന്നു കുടിക്കുകയും, വ്യത്യസ്തമായ നിരവധി ജലം ആസ്വദിക്കുകയും ചെയ്യും. ഇത് എത്ര നല്ലതാണ്!

## K. ദൈവം അവരുടെ കണ്ണുകളിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും

"ദൈവം അവരുടെ കണ്ണുകളിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും" എന്നും വാക്യം 17 പറയുന്നു. കണ്ണുനീർ അതൃപ്തിയുടെ അടയാളമാണ്, ജീവജലം സംതൃപ്തിക്കുവേണ്ടിയാണ്. അവരുടെ സംതൃപ്തിക്കുവേണ്ടി കുഞ്ഞാട് ജീവജലം സഹായമായി നൽകുന്നതിനാൽ, അവർക്ക് അതൃപ്തിയുടെ കണ്ണുനീർ ഉണ്ടായിരിക്കുകയില്ല. ജീവജലം നല്കപ്പെടുകയും കണ്ണുനീർ തുടയ്ക്കപ്പെടുകയും

ചെയ്യും. കണ്ണുനീരോ, വിശപ്പോ, ദാഹമോ ഉണ്ടായിരിക്കുകയില്ല—ആസ്വാദനം മാത്രം.

## L. ദൂതന്മാരും, മൂപ്പന്മാരും നാലു ജീവികളും ദൈവത്തെ ആരാധിക്കുന്നു

വാക്യം 11-ഉം 12-ഉം പറയുന്നു, "എല്ലാ ദൂതന്മാരും സിംഹാസനത്തിന്റെയും മൂപ്പന്മാരുടെയും നാലു ജീവികളുടെയും ചുറ്റും നിന്നു; അവർ സിംഹാസനത്തിനു മുമ്പാകെ കവിണ്ണുവീണു ദൈവത്തെ ആരാധിച്ചു, പറഞ്ഞത്, ആമേൻ. അനുഗ്രഹവും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും എന്നെന്നേക്കും നമ്മുടെ ദൈവത്തിന്. ആമേൻ." ഇത് ലൂക്കൊസ് 15:7-ലെ വചനത്തോടു സമാനമാണ്; മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗത്തിൽ അധികം സന്തോഷം ഉണ്ടെന്ന് അവിടെ പറയുന്നു. ഇവിടെ രക്ഷയെക്കുറിച്ചുള്ള വീണ്ടെടുക്കപ്പെട്ടവരുടെ സ്തുതിക്ക് ദൂതന്മാർ "ആമേൻ" പറയുന്നു.

ഈ അധ്യായത്തിൽ ദൈവം എങ്ങനെ തന്റെ ജനത്തെ കരുതുന്നു എന്നു നാം കാണുന്നു. അവൻ ഭൂമിയെ ന്യായംവിധിക്കുവാൻ തുടങ്ങുമ്പോൾ അവൻ തന്റെ ഭൗമികജനത്തെ മുദ്രയിടുകയും തന്റെ സ്വർഗീയജനത്തെ എടുത്തുകൊള്ളുകയും ചെയ്യും. യിസ്രായേല്യരുടെ തിരഞ്ഞെടുക്കപ്പെട്ട ശേഷിപ്പ് മുദ്രയിടപ്പെടുന്നു, എന്നാൽ വിശ്വാസികൾ വീണ്ടുംജനിപ്പിക്കപ്പെടുന്നു, കാരണം ദൈവം അവനെത്തന്നെ നമ്മിലേക്ക് ജീവനായി വച്ചിരിക്കുന്നു. അവൻ നമ്മുടെ നെറ്റിമേൽ ഒരു അടയാളം വയ്ക്കുന്നില്ല; അവൻ ജീവനായി അവനെത്തന്നെ നമ്മിലേക്കു വയ്ക്കുന്നു. അങ്ങനെ, നാം അവന്റെ ഭൗമികജനമല്ല, അവന്റെ സ്വർഗീയജനമാണ്. നിങ്ങൾ വീണ്ടുംജനിച്ച ഒരു ക്രിസ്ത്യനിയായിരിക്കുമോ, അതോ മുദ്രയിടപ്പെട്ട ഒരു യിസ്രായേല്യനായിരിക്കുമോ? ക്രിസ്ത്യാനികളായ നമുക്ക് ഈ മുദ്ര ഇല്ല—നമുക്ക് ദൈവം നമ്മുടെ ഉള്ളിലുണ്ട്, അത് മേന്മയേറിയതാണ്. യിസ്രായേലിന്റെ തിരഞ്ഞെടുക്കപ്പെട്ട ശേഷിപ്പിൽനിന്ന് വ്യത്യസ്തമായി, നാം ഭൂമിയിൽ ആയിരിക്കുകയില്ല. പ്രത്യുത, നാം ദൈവസന്നിധിയിലേക്ക് എടുക്കപ്പെടുന്നതിലൂടെ സംരക്ഷിക്കപ്പെടും. നാം ആ നിത്യമായ സ്ഥിതിയിൽ ദൈവത്തിന്റെ ദിവ്യവും നിത്യവുമായ കരുതൽ ആസ്വദിക്കുകയും, കൂടാതെ കുഞ്ഞാടിന്റെ നിത്യമായ മേയ്പ്പ് ആസ്വദിക്കുകയും ചെയ്യും. അത് എത്ര സന്തോഷപ്രദമായിരിക്കും! യിസ്രായേലിന്റെ മുദ്രയിടപ്പെട്ട ശേഷിപ്പ് മേന്മയുള്ള ജനമായിരിക്കും, എന്നാൽ നാം ഏറ്റവും ശ്രേഷ്ഠമായ ജനമായിരിക്കും.

എങ്കിലും, നാം ദൈവത്തിന്റെ സന്നിധിയിലേക്ക് എടുക്കപ്പെടണമെങ്കിൽ നാം പക്വതയുള്ളവരായിരിക്കണം. നാം ഇപ്പോഴും ഇളതായും പാകമാകാതെയും ഇരിക്കുന്നെങ്കിൽ, ദൈവം

നമ്മെ എടുത്തുകൊള്ളുകയില്ല. പകരം, നാം വിളയുന്നതുവരെ കഷ്ടംസഹിക്കുവാൻ നമ്മെ വയലിൽ ഉപേക്ഷിക്കും. എല്ലാ സഭാജനവും എടുക്കപ്പെടുമെങ്കിലും ഒരു നിബന്ധനയുണ്ട്, പക്വതയുടെയും വിളവിന്റെയും നിബന്ധന. നാം എല്ലാവരും വിളയുകയും പക്വമാകുകയും വേണം. ഇതാണ് ദൈവത്താൽ നാം ഈ ഭൂമിയിൽനിന്ന് എടുക്കപ്പെടുവാനുള്ള നിബന്ധന. ഇത് വെളിപ്പാട് പുസ്തകത്തിൽ പൂർണ്ണമായും പര്യാപ്തമാംവണ്ണവും വെളിപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന്, പതിന്നാലാം അധ്യായത്തിൽ, നാം ആദ്യഫലവും കൊയ്ത്തും വ്യക്തമായി കാണുന്നു. വചനത്തിന്റെ ആ ഭാഗത്തിൽ വയൽ പാകമാകുമ്പോൾ കൊയ്ത്തു വരുന്നുവെന്ന് നമ്മോട് സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. അങ്ങനെ, നാം എല്ലാവരും വളരേണ്ടത് ആവശ്യമാണ്. മതത്തിൽ ആഹാരമോ പോഷണമോ ഇല്ലാത്തതുകൊണ്ട് അതിൽ വളരുവാൻ ജനത്തിന് അസാധ്യമാണ്. ഒരർഥത്തിൽ അവിടെ ഒരു വയൽപോലും ഇല്ല. ഇന്ന് ക്രിസ്ത്യാനികൾക്ക് വളരുവാൻ കഴിയുന്ന ഏക ഇടം സഭയാണ്, കാരണം സഭയിലാണ് ആട്ടിൻകൂട്ടത്തിന് ഭക്ഷിക്കുവാനും വളർച്ചയ്ക്കുവേണ്ടി പോഷണം സ്വീകരിക്കുവാനും ക്രിസ്തു എന്ന മേച്ചിൽപ്പുറം ഉള്ളത്. കർത്താവിന്റെ പരമാധികാരമുള്ള കൃപയാൽ നാം ഈ മേച്ചിൽപ്പുറം ആസ്വദിച്ചുകൊണ്ടിരിക്കുന്നു. സഭാജീവിതത്തിൽ വന്നതു മുതൽ ഇളമ്പുല്ലുള്ള ഈ പച്ചപ്പുൽ ഷുറത്തായിരിക്കുന്നുവെന്ന് നമുക്കെല്ലാവർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ദിനംപ്രതി ക്രിസ്തുതന്നെയായ ഇളമ്പുല്ല് നാം ഭക്ഷിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ സഭാജീവിതത്തിൽ നാം ക്രിസ്തുവിനെ ഭക്ഷിച്ചു വളരുന്നു. ഇവിടെ നാം നമ്മുടെ ആളത്തത്തിലേക്ക് ഇളതായ സകല പോഷണവും സ്വീകരിക്കുന്നു. ദിനംപ്രതി നാം വളരുന്നതിനായി കർത്താവിന് സ്തോത്രം ചെയ്യാം. നാം വളരുകയും അവൻ നമ്മെ നമ്മുടെ ഉൾപ്രാപണത്തിനുവേണ്ടി ഒരുക്കുകയും ചെയ്യുന്നതിനായി കർത്താവിനെ സ്തുതിക്കാം. നാം ഉപദ്രവത്തെ അഭിമുഖീകരിക്കുവാൻ പ്രതീക്ഷിക്കുന്നില്ല. നാം പക്വതയിലേക്ക് വളരുകയും, ഉൾപ്രാണത്തിലേക്ക് വളരുകയും, അവന്റെ സാന്നിധ്യത്തിലേക്ക് വളരുകയും ചെയ്യുന്നു. ഒരു ദിവസം നാം അവിടെ ആയിരിക്കും.